"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - ആലപ്പുഴ ജില്ലയിലെ എഴുപുന്ന കുമ്പളങ്ങി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കൊച്ചി സബ് കോടതിയിലെ 1/19 കേസിന്റെ ബാലൻസ് വിധി തുക നൽകുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.548/2026/PWD തിരുവനന്തപുരം, തീയതി,02-05-2026

---

പരാമർശം:- 1. 22.07.2025 തീയതിയിലെ സ.ഉ.(സാധാ)നമ്പർ.1089/2025/PWD

2. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 17.04.2026 തീയതിയിലെ CEPWD/101/2024-FR9-PWD നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ എഴുപുന്ന കുമ്പളങ്ങി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു.കൊച്ചി സബ് കോടതിയിലെ വിവിധ എൽ.എ.ആർ കേസുകൾക്ക് വിധിത്തുകയായി 5,67,595/- രൂപ അനുവദിച്ച് നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) എഴുപുന്ന കുമ്പളങ്ങി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു.കൊച്ചി സബ് കോടതിയിലെ 1/19 നമ്പർ എൽ.എ.ആർ കേസിന്റെ ബാലൻസ് വിധിത്തുക നൽകുന്നതിനായി 80,091/- രൂപ കൂടി ആവശ്യമുണ്ടെന്നും മുൻപ് ഭരണാനുമതി നൽകിയ 5,67,595/- രൂപയോടൊപ്പം ഇപ്പോൾ ആവശ്യമുള്ള 80,091/- രൂപയും ചേർത്ത് 6,47,686/- രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്ന് പരാമർശം (2) പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ

അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ എഴുപുന്ന കുമ്പളങ്ങി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ എൽ.എ.ആർ കേസുകൾക്കായി മുൻപ് ഭരണാനുമതി നൽകിയ 5,67,5,95/- രൂപയോടൊപ്പം ബഹു.കൊച്ചി സബ് കോടതിയിലെ 1/19 നമ്പർ എൽ.എ.ആർ കേസിന്റെ ബാലൻസ് വിധിത്തുകയായ 80,091/- രൂപയും ചേർത്ത് 6,47,686/- (ആറു ലക്ഷത്തി നാല്പത്തി ഏഴായിരത്തി അറുന്നൂറ്റി എൺപത്തി ആറു രൂപ മാത്രം) രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ചിത്ര ജി എസ്

അണ്ടർ സെക്രട്ടറി

ചീഫ് എഞ്ചിനീയർ , നിരത്തുകൾ/പാലങ്ങൾ വിഭാഗം

ജില്ല കളക്ടർ , എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ) , കേരള,തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ)ഐ&പി.ആർ.ഡി

കരുതൽ ഫയൽ D1/339/2025/PWD

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 05-05-2026 11:05:37

സെക്ഷൻ ഓഫീസർ